പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4804 1-7-2013 -ൽ മറുപടിയ്ക്ക്.

ആശ്രിതനിയമനം

| ചോദ്യം<br>ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ ) + (ബി) ആശ്രിതനിയമനം വഴി നിയമനം ലഭിക്കാനായി സർക്കാർ ഉത്തരവ് ലഭ്യമായിട്ടും വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കാതെ ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;<br>എങ്കിൽ തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ വകുപ്പുകളിലായി എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ | (എ) + (ബി)<br><br>ആശ്രിത നിയമന പദ്ധതി പ്രകാരം, സർക്കാർ സർവ്വീസിലിരുന്ന് മരണമടയുന്ന ആശ്രിതന്റെ അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് അപേക്ഷകൻ താൻ ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയ്ക്ക് യോഗ്യനാണെന്ന് ഉത്തരവാകുമ്പോഴാണ് അപേക്ഷ സാധുവായി കണക്കാക്കാവുന്നത്. അത്തരത്തിൽ സർക്കാർ യോഗ്യരാണെന്ന് നിശ്ചയിച്ചിട്ടും മാതൃവകുപ്പുകളിൽ / നിയമനാധികാരികളുടെ കീഴിൽ ഒഴിവുകളില്ലാത്തതിനാൽ നിയമനം നൽകാൻ സാധിക്കാത്തതായി, വകുപ്പുമേധാവികൾ ലഭ്യമാക്കിയിരിക്കുന്ന കണക്കുകളുടെയും 24-5-99 ലെ G.O (P) 12/99/P&ARD സർക്കാർ ഉത്തരവിലെ ഖണ്ഡിക 33 അനുസരിച്ച് മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊ.ഭ.(സി.ഇ) സെൽ വകുപ്പിലേക്ക് സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ മുഖാന്തിരം ലഭിച്ച പ്രൊഫോർമ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലായി വിവിധ തസ്തികകളിലായി, തൃശ്ശൂർ ജില്ലയിൽ നിയമനം ലഭിക്കാനുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ആരോഗ്യവകുപ്പ് - 8<br>ആഭ്യന്തരവകുപ്പ് - 3<br>വിദ്യാഭ്യാസ വകുപ്പ് -13<br>പൊതുമരാമത്ത് വകുപ്പ് - 4 |
| (സി) ഇത്തരം ഉദ്യോഗാർത്ഥികൾക്ക് ഉടൻ തന്നെ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഒഴിവില്ലാത്തതിനാൽ നിയമനം ലഭിക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ